# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - keralastatecewb@gmail.com

**No : WB/G/4804/2024** | **തീയതി : 27/07/2026**

## സർക്കുലർ നമ്പർ : 03/2026

**വിഷയം :** കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്: അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ ചികിത്സാ ധനസഹായത്തിന്റെ ഘടന പരിഷ്കരിച്ച് വിഹിതം വർദ്ധിപ്പിച്ചത് സംബന്ധിച്ച്.

**സൂചന :**
1) സർക്കാരിന്റെ 30-09-1986 തീയതിയിലെ ജി.ഒ(ആർ.ടി)383/1986(സഹകരണം) നമ്പർ ഉത്തരവ്.
2) സർക്കാരിന്റെ 02-02-2026 തീയതിയിലെ ജി.ഒ(ആർ.ടി)38/2026(സഹകരണം) നമ്പർ ഉത്തരവ്.
3) സർക്കാരിന്റെ 15-07-2026 തീയതിയിലെ ജി.ഒ.(ആർ.ടി)290/2026(സഹകരണം) നമ്പർ ഉത്തരവ്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയും, സേവനത്തിൽനിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാരുടെ റീഫണ്ടിനോടൊപ്പം നൽകുന്ന ഇൻസെന്റീവിൽ മറ്റ് ആനുകൂല്യങ്ങളൊന്നും ബോർഡിൽനിന്നും കൈപ്പറ്റാത്തവർക്ക് 2% അധിക ഇൻസെന്റീവ് അനുവദിച്ചും, ക്ഷേമ ബോർഡിലേക്ക് ഒടുക്കേണ്ട പ്രതിമാസ വിഹിതം വർദ്ധിപ്പിച്ചും വിഹിതം ഒടുക്കുന്നത് സംബന്ധിച്ചുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയും സൂചന(2), (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1) ക്ഷേമബോർഡ് വിഹിതം

2024 ഫെബ്രുവരി മാസം മുതൽ 15,000/-രൂപക്ക് താഴെ വേതനം ലഭിക്കുന്ന ജീവനക്കാരുടെ വിഹിതം 150/-രൂപയും 15,000/-രൂപ മുതൽ മുകളിൽ വേതനം ലഭിക്കുന്നവർ 250/-രൂപയും, സ്ഥാപനത്തിന്റെ വിഹിതം 150/-രൂപയും എന്ന നിരക്കിൽ ഒടുക്കിയിരുന്നത് ചുവടെ പറയുന്ന പ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

മൊത്ത ശമ്പളം (Grosspay/Consolidatedpay/Commission) 15,000/-രൂപയും, അതിനുമുകളിലുമുള്ള ജീവനക്കാരുടെ വിഹിതം 300/-രൂപയായും, 15,000/-രൂപക്ക് താഴെയുള്ളവരുടെ വിഹിതം 200/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം രണ്ടു വിഭാഗത്തിലുമുള്ള ജീവനക്കാരുടെ, സ്ഥാപനത്തിന്റെ വിഹിതം നിലവിലുള്ള 150/-രൂപയിൽനിന്നും 200/-രൂപയായും ഉയർത്തിയിട്ടുണ്ട്. അതായത് 15,000/-രൂപക്ക് താഴെ വേതനം വാങ്ങുന്നവർ ബോർഡിലേക്ക് ഒടുക്കേണ്ട ആകെ വിഹിതം 400/-രൂപയും, 15,000/-രൂപക്ക് മുകളിലുള്ളവരുടെ വിഹിതം 500/-രൂപയുമാണ്. കൂടാതെ ആറ് മാസത്തിൽ കൂടുതൽ ക്ഷേമ ബോർഡ് വിഹിതം കുടിശ്ശിക വരുത്തുന്നവർക്ക് ബോർഡ് സ്കീമിലെ ആനുകൂല്യങ്ങൾ ലഭിക്കില്ല, ശമ്പളമില്ലാത്ത അവധിയിലുള്ള ജീവനക്കാർ ആ കാലയളവിലുള്ള ജീവനക്കാരന്റേയും, സ്ഥാപനത്തിന്റേയും വിഹിതം സ്വന്തം നിലയിൽ ബോർഡിലേക്ക് ഒടുക്കി കുടിശ്ശിക ഒഴിവാക്കേണ്ടതാണ്, മൂന്നു മാസത്തിൽ കൂടുതൽ കാലയളവിൽ വിഹിതം കുടിശ്ശിക വരുത്തിയവർ കുടിശ്ശിക വിഹിതത്തോടൊപ്പം 12% പലിശയും ഒടുക്കേണ്ടതാണ് എന്നീ നിബന്ധനകൾ ബോർഡ് ചട്ടത്തിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം 2026 ജൂലൈ മാസം മുതൽ പ്രാബല്യത്തിൽ ബോർഡിലേക്ക് ഒടുക്കേണ്ടതാണ്.

### 2) ക്ഷേമബോർഡ് വിഹിതം തിരികെ നൽകൽ

സേവനത്തിൽനിന്നും പിരിഞ്ഞുപോകുകയോ, വിരമിക്കുകയോ ചെയ്യുന്ന അവസരത്തിൽ ജീവനക്കാരന് തിരികെ നൽകുന്ന ആകെ വിഹിതത്തോടൊപ്പം 10% ഇൻസെന്റീവും നൽകിയിരുന്നു. ഈ ബോർഡിൽനിന്നും സേവനകാലയളവിൽ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലാത്തവർക്ക് 2% അധിക ഇൻസെന്റീവ്കൂടി അനുവദിക്കും. (ആയതിലേക്ക് സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ പ്രത്യേക സാക്ഷ്യപത്രംകൂടി സമർപ്പിക്കണം).

3) ചികിത്സാ ധനസഹായം

ഗവൺമെന്റ് ഇൻഷൂറൻസ് പരിരക്ഷയോ, സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടെയോ സാമ്പത്തിക സഹായമോ ലഭിച്ച് ചികിത്സയ്ക്ക് വിധേയരായവർക്ക് അതേ ചികിത്സയ്ക്ക് ഈ സ്കീമിൽ നിന്നുള്ള ചികിത്സാ സഹായത്തിന് അർഹതയില്ല.(ആയത് സംബന്ധിച്ച സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കണം).

ജീവനക്കാർ/ആശ്രിതർ ഇൻ-പേഷ്യന്റ് ചികിത്സയ്ക്ക് വിധേയരാകുകയോ, സ്ഥിരമായ അംഗ വൈകല്യം സാക്ഷ്യപ്പെടുത്തുകയോ ചെയ്താൽ മാത്രമേ ബോർഡ് ചട്ടത്തിലെ അനുബന്ധം-1 പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന മെഡിക്കൽ ഗ്രാന്റ് ക്ലെയിമുകൾ അനുവദിക്കുകയുള്ളൂ.

അനുബന്ധം-1 ലെ ഷെഡ്യൂൾ-എ പ്രകാരം ബാധകമായ ജീവനക്കാരുടെ ചികിത്സകൾക്ക് യഥാർത്ഥ ചികിത്സാ ചെലവോ, പരമാവധി 1,50,000/-രൂപയോ(ഒരുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കും. ഷെഡ്യൂൾ-എ പ്രകാരമുള്ള ചികിത്സാ സഹായ തുകയുടെ പരമാവധി യായ 1,50,000/-രൂപ യഥാർത്ഥ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ ഭാഗീകമായി ക്ലെയിം ചെയ്ത്, ജീവനക്കാരന്റെ സേവന കാലയളവിൽ ഷെഡ്യൂൾ-എ യിലെ മറ്റ് ചികിത്സകൾക്കുംകൂടി ലഭിക്കും.

അനുബന്ധം-1 ലെ ഷെഡ്യൂൾ-എ പ്രകാരം ബാധകമായ ആശ്രിതരുടെ ചികിത്സകൾക്ക് യഥാർത്ഥ ചികിത്സാ ചെലവോ പരമാവധി 50,000/-രൂപയോ(അൻപതിനായിരം രൂപ മാത്രം) അനുവദിക്കും. ഷെഡ്യൂൾ-എ പ്രകാരമുള്ള ചികിത്സാ സഹായ തുകയുടെ പരമാവധിയായ 50,000/-രൂപ യഥാർത്ഥ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ ഭാഗീകമായി ക്ലെയിം ചെയ്ത്, ജീവനക്കാരന്റെ സേവനകാലയളവിൽ ഷെഡ്യൂൾ-എ യിലെ മറ്റ് ചികിത്സകൾക്കുംകൂടി ലഭിക്കും.

അനുബന്ധം-1 ലെ ഷെഡ്യൂൾ-ബി പ്രകാരം ബാധകമായ ജീവനക്കാരുടെ ചികിത്സകൾക്ക് യഥാർത്ഥ ചികിത്സാ ചെലവോ പരമാവധി 30,000/-രൂപയോ (മുപ്പതിനായിരം രൂപ മാത്രം) അനുവദിക്കും. ഷെഡ്യൂൾ-ബി പ്രകാരമുള്ള ചികിത്സാ സഹായ തുകയുടെ പരമാവധിയായ 30,000/-രൂപ യഥാർത്ഥ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ ഭാഗീകമായി ക്ലെയിം ചെയ്ത് ജീവനക്കാരന്റെ സേവനകാലയളവിൽ ഷെഡ്യൂൾ-ബി യിലെ മറ്റ് ചികിത്സകൾക്കുംകൂടി ലഭിക്കും.

ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ ജീവനക്കാരൻ ആശുപത്രി ചികിത്സയിലിരിക്കെ മരണമടഞ്ഞാൽ അവകാശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ടിയാന്റെ നിയമാനുസൃത അവകാശി നിശ്ചിത മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും സഹിതം അപേക്ഷ സമർപ്പിച്ചാൽ യഥാർത്ഥ ചികിത്സാ ചെലവോ പരമാവധി 30,000/-രൂപയോ ചികിത്സാ സഹായമായി അനുവദിക്കും.

അപ്പന്റിക്സ്-I ലെ ഷെഡ്യൂൾ-എ യിൽനിന്നും ചികിത്സാ സഹായം കൈപ്പറ്റിയ ജീവനക്കാർക്ക് അവരുടെ സേവനകാലയളവിൽ ഷെഡ്യൂൾ-ബി യിലെ ചികിത്സകൾക്കും ധനസഹായത്തിന് അപേക്ഷി ക്കാവുന്നതാണ്.

സ്ഥിരമായ അംഗവൈകല്യം ഒഴികെയുള്ള മറ്റെല്ലാ ചികിത്സകൾക്കും അനക്സർ -X മാതൃക യിൽ ചികിത്സിച്ച ആശുപത്രി അധികൃതർ നൽകിയ ചികിത്സാ സർട്ടിഫിക്കറ്റ് പ്രകാരമാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ

ഉള്ളടക്കം : Appendix -I

പകർപ്പ് :

1) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്, കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം
2) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്. വെബ്സൈറ്റ്.
3) സെക്ഷൻ/സ്റ്റോക്ക് ഫയൽ.

# Appendix- I

| | | |
|---|---|---|
| **Schedule A** | | |
| 1 | Cancer | |
| 2 | Heart Operation – All Type of Procedures | |
| 3 | Kidney Transplantation/Removal (Receipient & Donor) | |
| 4 | Liver Transplantation (Receipient & Donor) | |
| 5 | Liver Surgery | |
| 6 | Bone Marrow Transplantation | |
| 7 | Eye Transplantation | |
| 8 | Lungs Transplantation/ Surgery | |
| 9 | Brain Tumour | |
| 10 | HIV – AIDS | |
| 11 | Epilepsy | |
| 12 | Head injury | |
| 13 | Meningitis | |
| 14 | Encephalities | |
| 15 | Joint Replacement Surgery | |
| 16 | Autism | |
| 17 | Mental Disorders/Retardation | |
| 18 | Guillain-Barre Syndrome | |
| 19 | Degenerative Diseases of Brain | |
| 20 | Degenerative Diseases of Spinal Cord | |
| 21 | Certified Permanent Medical Disabalities | |
| | (a) | Visual Handicap – Due to Diseases or other causes – 40% above permanent disability |
| | (b) | Inability to perform duty due to paralysis – 40% above permanent disability |
| | (c) | Physical Disability due to Diseases, accident or other causes – 40% above permanent disability |
| **Schedule B** | | |
| 1 | Heart Diseases other than Heart Operation | |
| 2 | Kidney Diseases other than Kidney Transplantation/ Removal | |
| 3 | Liver Diseases other than Liver Transplantation/ Surgery | |
| 4 | Lungs treatment other than Transplantation/ Surgery | |
| 5 | Thyroid Operation | |
| 6 | Hernia Operation | |
| 7 | Uterus Removal | |
| 8 | Filariasis | |
| 9 | Pneumonia | |

| | |
|---|---|
| 10 | Chronic Rheumatoid Arthritis |
| 11 | Acute Coronary Syndrome |
| 12 | Parkinson's Syndrome |
| 13 | Stroke |
| 14 | Stone – Surgical Removal |
| 15 | Degenerative Disc Disease |
| 16 | Other Surgical Procedures |
| 17 | Tuberculosis |
| 18 | Asthma |
| 19 | Varicose Vein – Surgical Operation |
| 20 | Appendicitis |
| 21 | Psoriasis |
| 22 | Piles, Fistula – Surgical Procedure |
| 23 | Uterus Related Diseases |
| 24 | Glaucoma |
| 25 | Scleroderma |
| 26 | Spondylitis & related surgical procedure |
| 27 | Cataract |
| 28 | Urinary Tract Stones Treatment |
| 29 | Fractures - Due to Accident |
| 30 | Any other accidents including attack of wild animals |
| 31 | Any Viral Infectious Diseases |